(ഇ) സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടിയുള്ള കാര്യങ്ങൾ പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഗവൺമെന്റ് പ്രസിദ്ധീകരണങ്ങളുടെ ആവശ്യം കണക്കിലെടുത്ത് നിലവിലുള്ള സർക്കാർ പ്രസ്സുകൾ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് കൂടുതൽ ശക്തിപ്പെടുത്തിവരുന്നുണ്ട്. അതിന്റെ ഭാഗമായി ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, വയനാട് പ്രസ്സ് എന്നിവിടങ്ങളിൽ പുതിയ പ്രസ്സുകൾ സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഉമയനല്ലൂരിൽ ഒരു പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കാസർഗോഡ് ഒരു കന്നട പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കൂടാതെ വയനാട്, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ സർക്കാർ പ്രസ്സുകൾ പുതിയ കെട്ടിടങ്ങളിലേയ്ക്കു മാറ്റുന്നതോടൊപ്പം ആധുനിക അച്ചടി സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

19 (*572) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിൽവരുത്തുമെന്ന് വെളിപ്പെടുത്താമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഉണ്ട്.

തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർപേഴ്സണും തിരുവനന്തപുരം വൻകിട ജലസേചനവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ കോ-ഓർഡിനേറ്ററും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ അംഗങ്ങളായും ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച്, 1993-94 വർഷത്തിൽ ഒരു പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കുകയും അതിൻപ്രകാരമുള്ള 92160 ലക്ഷം രൂപ അടങ്കൽ തുക വരുന്ന മാസ്റ്റർ പ്ലാൻ ഗവൺമെന്റ് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരികയുമാണ്.

(സി) 5 വർഷംകൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly